(സി) പൊതുമരാമത്ത് വകുപ്പ് അധികാരികൾ നിശ്ചയിക്കുന്ന റെന്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വാടക കെട്ടിട ഉടമയ്ക്ക് സ്വീകാര്യമല്ലാതെ വരുന്ന സാഹചര്യത്തിൽ 9-3-1995-ലെ ജി.ഒ. (എം.എസ്.) 16/95/പൊ.മ.വ. പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി സ്പെഷ്യൽ നിരക്കിലുള്ള വാടക നൽകണമെന്നുള്ള കെട്ടിട ഉടമയുടെ അപേക്ഷ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് (എക്സ്പെന്റിച്ചർ) സെക്രട്ടറിയും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും ഉൾപ്പെട്ട റെന്റ് കമ്മിറ്റി, വാടകയ്ക്ക് എടുത്ത/ എടുക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന ലൊക്കാലിറ്റിയുടെ പ്രാധാന്യം, സ്ഥലത്തിന്റെ വില, കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തിൽ പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൽ തുടങ്ങിയവ കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പ് അധികാരി നൽകിയ റെന്റ് സർട്ടിഫിക്കറ്റും പരിശോധിച്ചാണ് തീരുമാനമെടുക്കുന്നത്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഓരോ കെട്ടിടവും സ്ഥിതിചെയ്യുന്ന ഭൂമിയുടെ വിലയും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യവും കെട്ടിടത്തിന്റെ സൗകര്യവും കാലപ്പഴക്കവും കണക്കിലെടുത്താണ് സ്പെഷ്യൽ റെന്റ് നിശ്ചയിക്കുന്നത്. ഓരോ സ്ഥലത്തുമുള്ള കെട്ടിടങ്ങൾക്ക് ഓരോ നിരക്കിലുള്ള വാടകയാണ് നിശ്ചയിക്കുന്നത്. ഇക്കാരണത്താൽ പി.ഡബ്ല്യു.ഡി. നിശ്ചയിച്ചതിനേക്കാൾ എത്ര ശതമാനം വരെ വർദ്ധനവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ല.

മരാമത്ത് വകുപ്പിൽ ശമ്പളമിനത്തിലും കരാറുകാർക്ക് കൊടുത്തതുമായി ചെലവായ തുക

130 [2201] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2003-04) മരാമത്ത് വകുപ്പിൽ ശമ്പളമിനത്തിലും കരാറുകാർക്ക് കൊടുത്തതുമായി ആകെ ചെലവായ തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഡിസൈൻ ആന്റ് സൂപ്പർവിഷനുവേണ്ടി അടങ്കൽ തുകയുടെ എത്ര ശതമാനമാണ് പൊതുമരാമത്ത് വകുപ്പ് ചെലവിടുന്നതെന്ന് വിശദമാക്കാമോ;

(സി) ഡിസൈൻ ആന്റ് സൂപ്പർ വിഷനുവേണ്ടി അടങ്കൽ തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ചെലവിടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ശമ്പള ഇനത്തിൽ 45.13 കോടി രൂപയും കരാറുകാർക്ക് കൊടുത്ത ഇനത്തിൽ 252.20 കോടി രൂപയും കെട്ടിട വിഭാഗത്തിൽ ശമ്പള ഇനത്തിൽ 43.80 കോടി രൂപയും കരാറുകാർക്ക് 179.26 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ ശമ്പള ഇനത്തിൽ 14.03 കോടി രൂപയും കരാറുകാർക്ക് കൊടുത്ത ഇനത്തിൽ 11.41 കോടി രൂപയും ചെലവായിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഡിസൈൻ & സൂപ്പർ വിഷനു വേണ്ടി അടങ്കൽ തുകയുടെ ഏതാണ്ട് 3 ശതമാനത്തോളം ചിലവിടുന്നുണ്ട്. കെട്ടിട വിഭാഗത്തിൽ ഡിസൈൻ പൊതുവെയും സൂപ്പർവിഷൻ പൂർണ്ണമായും നേരിട്ട് വകുപ്പുതന്നെയാണ് കൈകാര്യം ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിച്ച സർക്കാർ മന്ദിരങ്ങൾ

131 [2202] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിച്ച സർക്കാർ മന്ദിരങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിന്റേയും നിർമ്മാണത്തിന് എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ പുതുതായി ഏറ്റെടുത്തതും നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായിട്ടുള്ളതുമായ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) ഇതിൽ ഓരോ പ്രവർത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവ ഓരോന്നും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെങ്കിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും വിശദമാക്കുമോ;

(ഡി) ഇതിനുതകുന്ന തരത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly